**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി നഗർ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട കുംഭാര സമുദായ വിഭാഗങ്ങൾ താമസിക്കുന്ന കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി നഗർ വികസനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതി അംഗീകരിച്ച് അനുമതി നൽകുമോ : വ്യക്തമാക്കുമോ? | (എ) | പിന്നാക്ക വിഭാഗങ്ങളിലെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 2022-2023 സാമ്പത്തിക വർഷം ലഭ്യമായ 11 അപേക്ഷകളിൽ നിന്നും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച 5 അപേക്ഷകളിൽ കോഴിക്കോട് ജില്ലയിലെ വടയക്കണ്ടി കുംഭാര നഗറും ഉൾപ്പെടുന്നുണ്ട്. ആയതിൽ വികസനമോ മെച്ചപ്പെട്ട ജീവിത നിലവാരമോ ഇല്ലാതെ പിന്നാക്കാവസ്ഥയിൽ കഴിയുന്ന ആദ്യത്തെ 2 നഗറുകളെ (മലപ്പുറം നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ അരുവാക്കോട് കുംഭാര നഗർ, പൊന്നാനി മുനിസിപ്പാലിറ്റിയിലെ 8 -ാം വാർഡിലെ കുംഭാര നഗർ) മാത്രമാണ് ടി പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ വടയക്കണ്ടി കുംഭാര നഗർ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ